ഡോക്ടർ എ. ആർ. മേനോൻ :

(എ) പഴഞ്ഞി ഹൈസ്കൂളിൽനിന്നു്.

(ബി) പഴഞ്ഞി ഹൈസ്കൂൾ.

(സി), (ഡി), (ഇ) & (എഫ്) ഈ വിവരങ്ങൾ ഉടനെതന്നെ നല്കുവാൻസാധിക്കുന്നതല്ല. ഇൻവോയ്സുകൾ സംരക്ഷകന്റെ ആഫീസ്സിൽനിന്നും പാസ്സാക്കി അയച്ചതിനുശേഷം സ്കൂൾകാർ പുസ്തകംമുതലായവ കണ്ടാക്ടുകാരുടെ പക്കൽ നിന്നും വാങ്ങുന്ന തിയ്യതി സംരക്ഷകനെ അറിയിക്കാറില്ല. കണ്ടാക്ടർ സപ്ലൈ ചെയ്യുവാൻ താമസിച്ചാൽ സ്കൂൾകാർ സംരക്ഷകനു റിപ്പോർട്ട് ചെയ്യാറുണ്ടു്.

(ജി) കിട്ടീട്ടുള്ള അപേക്ഷകളനുസരിച്ചു പുസ്തകങ്ങൾ ഉടനെതന്നെ സപ്ലൈ ചെയ്യുവാൻതക്ക നടപടികൾ എടുക്കാറുണ്ടു്.

153. മിസ്റ്റർ സി. വി. ഐയ്യു : ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ. —

(എ) അധ്യക്ഷത വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു് ആവശ്യമായ പുസ്തകങ്ങൾ കൊടുപ്പാനായി വിദ്യാലയങ്ങളുടെ അധികാരികൾ എല്ലാവർഷം ഇതിനകം വേണ്ട ഇൻവോയ്സുകൾ (Indents) അയച്ചുകഴിഞ്ഞിട്ടുണ്ടോ ;

ബി) മുൻചോദ്യത്തിനുള്ള മറുപടി നിഷേധമെങ്കിൽ, ഇതുവരെയും ഇൻവോയ്സുകൾ അയച്ചിട്ടില്ലാത്ത വിദ്യാലയാധികാരികൾ ആരെല്ലാം ;

(സി) അവർ ഇതുവരെയും ആവശ്യപ്പെടാതിരുന്നതിന്റെ കാരണങ്ങൾഎന്തെല്ലാം ;

(ഡി) എല്ലാ അധ്യക്ഷത വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും ആവശ്യമായപുസ്തകങ്ങളെല്ലാം കൊടുത്തുകഴിഞ്ഞിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാമോ ;

(ഇ) ഇനിയും പുസ്തകങ്ങൾ മുഴുവനുമോ ഏതാനുമോ കിട്ടീട്ടില്ലാത്തഅധ്യക്ഷത കുട്ടികൾ സ്കൂളുകളിൽ ഉണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവർ ഏതേതു സ്കൂളുകളിൽ, ഏതേതു ക്ലാസുകളിൽ, കൊടുക്കാതിരിക്കാനുണ്ടായ കാരണങ്ങൾ എന്തു എന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ജി) ഈ വിധത്തിൽ പുസ്തകങ്ങൾ മുതലായവ കൊടുപ്പാൻ താമസിച്ചതിന്റെ കാരണമെന്താണെന്നറിയിപ്പാൻ ദയവുണ്ടാകുമോ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ഉവ്വു്. അധ്യക്ഷത കുട്ടികളുള്ള എല്ലാ സ്കൂളുകളിൽനിന്നും ഇൻവോയ്സുകൾ കിട്ടീട്ടുണ്ടു്.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്കൂളിൽനിന്നോ മറ്റൊരു ആക്ഷേപങ്ങളൊന്നുമില്ലാത്തതിനാൽ എല്ലാം കൊടുത്തു കഴിഞ്ഞുവെന്നാണു് വിചാരിക്കുന്നതു്.

(ഇ) ഉവ്വോ എന്നു് അന്വേഷിച്ചിട്ടില്ല. എല്ലാ കുട്ടികൾക്കും പുസ്തകത്തിനായി ഇൻഡന്റുകൾ അയക്കുവാൻ എല്ലാ സ്കൂൾ അധികൃതന്മാരോടും ആവശ്യപ്പെട്ടിരുന്നു. അവർ ഇൻഡന്റുകൾ അയക്കുകയും ചെയ്തു.

(എഫ്") ഉത്തരം ആവശ്യമില്ല.

(ജി) പുസ്തകങ്ങൾ സപ്ലൈ ചെയ്യുന്നതിൽ അനാവശ്യമായ താമസമൊന്നും ഉണ്ടായിട്ടില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: കോർട്ടർലി എക്സാമിനേഷനു മുമ്പായിട്ടു് പുസ്തകങ്ങൾ കിട്ടീട്ടില്ലെന്നുള്ള വല്ല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: കോർട്ടർലി എക്സാമിനേഷൻ എന്നാണു് കഴിയുന്നതു്?

Mr. President: These are all well known dates and they need not be answered here.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഇംഗ്ലീഷു് പുസ്തകം കിട്ടാത്തതുകൊണ്ടു് പരീക്ഷക്കു് പോകാൻ സാധിക്കാത്ത കുട്ടികൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടാണു് ഞാൻ ചോദിക്കുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെ ഒരു കംപ്ലെയിൻറും ഇവിടെ കിട്ടീട്ടില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഉണ്ടെന്നാണു് എന്റെ അറിവു്. അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിക്കുവാൻ മയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: അന്വേഷിക്കാം.

Mr. A. B. Salem *(Mattancheri):* Did the hon'ble member send a complaint to the Government?

Dr. A. R. Menon *(Minister for Rural Development):* No.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: പഴഞ്ഞി ഹൈസ്കൂളിൽ നിന്നും രണ്ടിലധികം ആക്ഷേപങ്ങൾ കിട്ടീട്ടുണ്ടെന്നു് പറയുന്നു. അവിടെ എന്നാണു് പുസ്തകം കൊടുത്തുകഴിഞ്ഞതു്?

ഡോക്ടർ എ. ആർ. മേനോൻ: കൊടുത്തുവെന്നു പറഞ്ഞിട്ടുണ്ടു്. എന്നാണു കൊടുത്തതെന്നുള്ളതിനു നോട്ടീസു് വേണം.

മിസ്റ്റർ കെ. എസ്സു് പണിക്കർ: ഇടവത്തിൽ സ്കൂൾ തുറന്നിട്ടു് ചിങ്ങം 20-നു-ക്കകമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു് പുസ്തകങ്ങൾ കൊടുത്തിട്ടില്ലെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കേണ്ടതല്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ധാരാളം ഹൈസ്കൂളുകൾ ഈ രാജ്യത്തുള്ളതിൽ പഴഞ്ഞിയിൽ നിന്നു മാത്രമേ ഇങ്ങിനെ ഒരു ആക്ഷേപം വന്നിട്ടുള്ളു. അതിനെപ്പറ്റി നടപടിയും നടത്തീട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇടവത്തിൽ സ്കൂൾ തുറന്ന് ചിങ്ങം നാലാംതീയതിയായിട്ടും പുസ്തകങ്ങൾ കിട്ടീട്ടില്ലെന്നും രണ്ടിലധികം ആക്ഷേപങ്ങൾ ഉണ്ടായതിനും ഡിപ്പാർട്ട്മെന്റിൽ നിന്നും എന്തുചെയ്തു; കരാറുകാരന്റെ മേൽ ഗവൺമെന്റ് എന്തു നടപടി നടത്തി?

ഡോക്ടർ എ. ആർ. മേനോൻ: വേണ്ട നടപടികളൊക്കെ നടത്തീട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: പഴഞ്ഞി ഹൈസ്കൂളിൽനിന്നുണ്ടായിട്ടുള്ള ഈ ആക്ഷേപത്തിനു കാരണമെന്താണെന്ന് ഡിപ്പാർട്ട്മെന്റിൽ നിന്നും നടപടി നടത്തീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അറിഞ്ഞുകൂടാ. നോട്ടീസ് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒല്ലൂർ ഹൈസ്കൂളിൽ നിന്നും വല്ല കംപ്ലയിന്റും കിട്ടീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ കെ. പി. വള്ളോൻ: ഇനിയും പുസ്തകങ്ങൾ കൊടുക്കാത്ത സ്കൂളുകൾ ഉണ്ടോ എന്ന് ഗവൺമെന്റിനറിയാമോ?

ഡോക്ടർ എ. ആർ. മേനോൻ: അറിവില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: ഈ ചോദ്യം ചോദിച്ച മെമ്പർ തന്നെ പുസ്തകം കിട്ടീട്ടില്ലാത്ത സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കീട്ടുണ്ടെങ്കിൽ അതിവിടെ വായിച്ചാൽ കൊള്ളാമായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നോട്ടീസ് വേണം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ ചോദ്യം കിട്ടിയതിനുശേഷം ഏതെങ്കിലും സ്കൂളുകളിൽ പുസ്തകം കിട്ടാതെയുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഒരു സ്കൂളിൽ നിന്നു മാത്രമേ ആക്ഷേപം ഉണ്ടായിട്ടുള്ളൂ. അതിനെപ്പറ്റി അന്വേഷിച്ചിട്ടുമുണ്ട്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ സ്കൂളിൽ നിന്നുമാത്രം ആക്ഷേപം വന്നിട്ടുള്ളതുകൊണ്ട് ബാക്കി സ്കൂളുകളിൽ ആക്ഷേപമില്ല, പുസ്തകങ്ങളെല്ലാം കൊടുത്തുകഴിഞ്ഞിരിക്കുമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. അങ്ങിനെ വിചാരിക്കാതെ ബാക്കി സ്കൂളുകളിലും പുസ്തകങ്ങൾ കിട്ടാതെയുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി അന്വേഷിക്കേണ്ട ചുമതല ഹെഡ്മാസ്റ്റർമാർക്കാണ്. അവർ അതു് അന്വേഷിച്ചുകൊള്ളും.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: ആകെ ഡിപ്പാർട്ട്മെന്റിൽനിന്നു എത്ര സ്കൂളുകളിലേക്കു പുസ്തകങ്ങൾ സപ്ലൈ ചെയ്യുന്നുണ്ട്?

ഡോക്ടർ എ. ആർ. മേനോൻ: പതിനായിരം സ്കൂളുകളുണ്ടാകും.

മിസ്റ്റർ വി. കെ. കുട്ടി: കംപ്ലയിന്റ് ഇല്ലാത്ത സംഗതികളിൽ രാജ്യത്തു വല്ലതും നടക്കുന്നുണ്ടെന്ന് ഗവൺമെന്റ് ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു : എന്റെ ചോദ്യത്തിന്നു് "അനേഷിച്ചിട്ടില്ല" എന്ന മറുപടി പറഞ്ഞിട്ടുണ്ടു്. ഉണ്ടോ എന്നു് അനേഷിക്കേണ്ട ചുമതല ബഹുമാനപ്പെട്ടമന്ത്രിക്കല്ലെ ?

ഡോക്ടർ എ. ആർ. മേനോൻ : ആവശ്യമുണ്ടെങ്കിൽ അനേഷിക്കും.

മിസ്റ്റർ സി. വി. ഇയ്യു: എന്റെ അനേഷണത്തിൽ ചില സ്കൂളുകളിൽ പുസ്തകങ്ങൾ കിട്ടിയിട്ടില്ലെന്നു് ഡെഫനിറ്റായിട്ടു് അറിവു കിട്ടിയതുകൊണ്ടാണു് ഞാൻ ചോദിച്ചിരിക്കുന്നതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ : ഏതു സ്കൂളിലാണു് ?

മിസ്റ്റർ സി. വി. ഇയ്യു : കുന്നംകുളം ഹൈസ്കൂളിൽ.

ഡോക്ടർ എ. ആർ. മേനോൻ : എല്ലാം സ്കൂളുകളിലും പോയി കിട്ടിയൊ കിട്ടിയൊ എന്നു് അനേഷിക്കേണ്ട ആവശ്യമില്ല. കിട്ടീട്ടില്ലെങ്കിൽ ലജിസ്ലേറ്റിവു് കൌൺസിൽ മെമ്പർമാർ എഴുതിയയക്കുകയൊ, സ്കൂളിൽ നിന്നു ഹെഡ്മാസ്റ്റർമാരുടെ ആക്ഷേപക്ഷരം വരുകയൊ, നാട്ടുകാരുടെ ആക്ഷേപങ്ങൾ കിട്ടുകയൊ ചെയ്യാതെ അനേഷിക്കേണ്ട ആവശ്യമില്ല.

Mr. President: Is it the contention of the hon'ble member that on the basis of this question the Minister must send a circular to all the schools in the State and ask for information whether books have been received in time ?

Mr. C. V. Iyyu *(Kunnamkulam):* Yes.

Dr. A. R. Menon *(Minister for Rural Development):* It is impossible, Sir.

Mr. President: It is only his opinion. That is all.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Is it not possible to get the information from the indents which will be sent by the contractor ?

Dr. A. R. Menon *(Minister for Rural Development):* The Department will see to it.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കംപ്ലെയിന്റു കിട്ടീട്ടു അനേഷിക്കാതിരുന്നിട്ടുണ്ടൊ ?

ഡാക്ടർ എ. ആർ. മേനോൻ : ഇല്ല.

Mr. A. B. Salem *(Mattancheri):* Did the Hon'ble Member for Kunnamkulam send any complaint ?

Dr. A. R. Menon *(Minister for Rural Development):* No Sir.

Mr. C. V. Iyyu *(Kunnamkulam):* I have written to the Protector of the Depressed Classes about this.

ഡോക്ടർ എ. ആർ. മേനോൻ : ഇല്ല.

മിസ്റ്റർ കെ. എസ്. പണിക്കർ : ഇപ്പോഴത്തെ കരാറുകാരൻ ഒരു പുസ്തകക്കച്ചവടക്കാരനാണൊ ?

ഡാക്ടർ എ. ആർ. മേനോൻ : അനേഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകങ്ങൾ കൊടുക്കുവാൻ കരാർ ചെയ്തിട്ടുള്ള ആൾ പുസ്തക കച്ചവടക്കാരനാണോ എന്നറിയുവാനാണ് ചോദിക്കുന്നത്.

ഡോക്ടർ എ. ആർ. മേനോൻ : വേറേയും കൺട്രാക്ട്കൾ എടുക്കുന്നവരുമുണ്ട്.

മിസ്റ്റർ പോപ്പട്ട്ലാൽ ശോവൽനല്ലാലൻ : പുസ്തകക്കച്ചവടക്കാരല്ലാത്തവർക്കു ഓർഡർ കൊടുക്കുവാൻ പാടില്ലെന്നു വല്ല നിയമവും ഉണ്ടോ ?

ഡോക്ടർ എ. ആർ മേനോൻ : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകക്കച്ചവടക്കാരായാൽ പുസ്തകം കൊടുക്കുവാൻ താമസം വരുകയില്ല. അതല്ലാത്തതുകൊണ്ടാണോ ഈ താമസം വരുന്നത് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇതിനുമുമ്പ് പുസ്തകങ്ങൾ കൊടുക്കുവാൻ കരാറ് ഏറ്റിരുന്നതു പുസ്തക കച്ചവടക്കാരൻതന്നെയല്ലെ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : അതെ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അന്നു അതിനെക്കുറിച്ചു ആക്ഷേപങ്ങൾ ഉണ്ടായിരുന്നുവോ ?

ഡോക്ടർ എ. ആർ മേനോൻ : ഉണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകക്കച്ചവടക്കാർക്ക് കൊടുത്താൽ ഇതിലും കൂടുതൽ മെച്ചമായിരിക്കുമെന്നു ഗവർമ്മെണ്ടിനു തോന്നുന്നുണ്ടോ ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ : മെച്ചം വരുന്നതു കച്ചവടക്കാർക്കോ ഗവർമ്മെൻറിനോ ?

ഡോക്ടർ എ. ആർ. മേനോൻ : പുസ്തകക്കച്ചവടക്കാരായാലും പച്ചക്കറി സാമാനങ്ങൾ വില്ക്കുന്നവരായാലും പുസ്തകം കൊടുക്കുന്നതാരോ ആവക്കു ഗവർമ്മെണ്ടിൽനിന്നും വിലകൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പുസ്തകത്തിനു കമ്മീഷൻ അധികം കിട്ടുകയില്ല; സ്റ്റേഷണറി സാമാനങ്ങൾക്കാണു കമ്മീഷനുള്ളതു. അതുകൊണ്ടാണു പുസ്തകങ്ങൾ കൊടുക്കുവാനുള്ള താമസം വന്നുകൂടുന്നതു.

CONCENTRATION WORKS IN PANCHAYATS

154. Mr. V. K. Bhaskara Menon *(Cranganur):* Will the Government be pleased to state the names of the Panchayats in which active work in furtherance of "Concentration Works" has been begun, and also the nature of any such work ?

Dr. A. R. Menon *(Minister for Rural Development):* "Concentration Works" are to be carried out in Nadamel, Lokamaleswaram, Kodakara, Chundal, Chelakara and Pattancheri Panchayats.

Rural Development Co-operative Societies, the committee of which is to include all the existing members of the respective

LIBRARY ARCHIVES Kerala Legislative Assembly